## വൈക്കം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വരുമാനങ്ങളും വിനിയോഗങ്ങളും

**207 (4250)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും തനത് ഫണ്ട്, സംസ്ഥാന സർക്കാർ സഹായം, കേന്ദ്ര സർക്കാർ സഹായം, വായ്പകളോ ഗ്രാന്റുകളോ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ ഉൾപ്പെടെ കഴിഞ്ഞ മൂന്ന് വർഷത്തെ വരുമാനങ്ങളുടെയും വിനിയോഗങ്ങളുടെയും വിശദവിവരങ്ങൾ വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ മൂന്ന് വർഷക്കാലയളവുകളിൽ പ്രസ്തുത സ്ഥാപനങ്ങൾ തങ്ങളുടെ തനതു ഫണ്ടുകൾ വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇതുവഴി ഓരോ വർഷവും ഉണ്ടായ വർദ്ധനവ് എത്രവീതമെന്നും വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പ്രസ്തുത സ്ഥാപനങ്ങൾ ഏതൊക്കെ മേഖലകളിലാണ് നികുതി വർദ്ധന നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പ്രസ്തുത സ്ഥാപനങ്ങളിൽ ഏതിനെയെങ്കിലും കേന്ദ്ര സംസ്ഥാന സർക്കാരുകളുടേതായി പ്രഖ്യാപിക്കപ്പെട്ട ഏതെങ്കിലും പദ്ധതികൾ പ്രാദേശികമായി നടപ്പിലാക്കുവാൻ അനുയോജ്യമല്ലാത്തതായി കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ചെലവ്

**208 (4251)** ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിചെലവിൽ ഉല്പാദന മേഖലയ്ക്ക് വരുത്തുന്ന ചെലവ് തുലോം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുസംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം അറിയിക്കാമോ ;

(സി) ഈ നിലയ്ക്ക്മാറ്റം വരാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഉല്പാദന മേഖലയിലെ പദ്ധതിച്ചെലവിൽ വന്നിട്ടുള്ള കുറവ് ഗ്രാമങ്ങളുടെ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിന് എത്രത്തോളം വിഘ്നം നിൽക്കുന്നുവെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗത്തിൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ കൂടുതൽ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. ഓരോ ഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയും ലക്ഷ്യമാക്കി പദ്ധതി തയ്യാറാക്കുന്നതിനാണ് മാർഗ്ഗരേഖ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങൾ 2012-13, 2013-14 വർഷങ്ങളിൽ യഥാക്രമം മൊത്തം പദ്ധതി ചെലവിന്റെ 8.83, 8.28 ശതമാനം തുക ഉല്പാദന മേഖലയ്ക്ക് ചെലവഴിക്കുകയുണ്ടായി. 2014-15 വർഷം ഇത് 8.74 (provisional) ശതമാനമാണ്. എന്നാൽ വികസന ഫണ്ടിൽനിന്നും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തീരുമാനിക്കുന്ന വിഹിതം എത്രയാണോ അത്രയും തുക ഉല്പാദന മേഖലയിൽ വകയിരുത്തുന്നതിനും ചെലവഴിക്കുന്നതിനും യാതൊരു തടസ്സവുമില്ല

## തെരുവുനായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിന് നടപടി

**209 (4252)** <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവുനായ്ക്കളെ കൊല്ലുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമ തടസ്സമില്ലെന്ന് ഏതെങ്കിലും കോടതി വിധികൾ ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ പശ്ചാത്തലത്തിൽ ഇതിനായി എന്തെങ്കിലും പുതിയ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly